(ബി) ഏതെല്ലാം;

(സി) ഏതെല്ലാം ക്ഷേത്രങ്ങളെ സംബന്ധിച്ചു് കേസുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ടു്;

(ഡി) ഏതെല്ലാം കേസുകൾ അന്വേഷണം പൂർത്തിയായിട്ടുണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൽ.

(ബി) ക. അരനാട്ടു ശാസ്താം കോവിൽ, തിരുവട്ടാർ.
ഖ. മാംകടി ശാസ്താക്ഷേത്രം, നേമം.
ഗ. പള്ളിക്കന്നക്ഷേത്രം, ആറൻമുള.
ഘ. പുള്ളിക്കണക്കക്ഷേത്രം, കായംകുളം.
ങ. ശിവക്ഷേത്രം, ചിറക്കടവ്, കാഞ്ഞിരപ്പള്ളി.
ച. ഭഗവതിക്ഷേത്രം, തെക്കേമറാടി, മൂവാറ്റുപുഴ.
ഛ. കുന്നശ്ശേരികാവുക്ഷേത്രം, കടുത്തുരുത്തി, ഏറ്റുമാനൂർ.
ജ. കീരിക്കാട്ട് ഭഗവതിക്ഷേത്രം, തൊടുപുഴ.
ഝ. എരിഞ്ഞോംക്ഷേത്രം, പെരുമ്പാവൂർ.

(സി) എല്ലാ ക്ഷേത്രങ്ങളെ സംബന്ധിച്ചും കേസ്സുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ടു്.

(ഡി) അഞ്ചു കേസുകളുടെ അന്വേഷണം പൂർത്തിയായിട്ടുണ്ടു്.

വില്ലേജുകോടതികൾ

* ൽ൭. (൪൯) സാഹിബ്ബ് ബഹദൂർ എ. കെ. കുഞ്ഞുമൊയിതീൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) വില്ലേജുകോർട്ടുകളുടെ കാലാവധി നീട്ടുകയുണ്ടായോ;

(ബി) എത്ര കാലത്തേക്കു്;

(സി) അതിന്റെ കാരണമെന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ), (ബി) വില്ലേജുകോടതികളുടെ കാലാവധി ആറുമാസത്തേക്കു നീട്ടിയിട്ടുണ്ടു്.

(ബി) തിരുവിതാംകൂറിലെ വില്ലേജു പഞ്ചായത്തുകോടതികളുടേയും കൊച്ചിയിലെ വില്ലേജുകോടതികളുടേയും ഭരണസംപ്രദായത്തിൽ ഐകരൂപ്യം ഉണ്ടായിരിക്കേണ്ടതാണെന്നു് ശ്രദ്ധിക്കുന്നു് തീരുമാനിച്ചിട്ടുണ്ടു്. ഇതു സംബന്ധിച്ചു് നിയമപരമായ നടപടികളും കൈക്കൊണ്ടിരിക്കുകയാണു്. ഈ നടപടികൾ പൂർത്തിയാക്കാൻ കുറേ താമസം നേരിടുമെന്നുള്ളതുകൊണ്ടാണു് വില്ലേജുകോടതികളിൽ ഇപ്പോഴുള്ള പ്രസിഡന്റു്, സീനിയർ ജഡ്ജ്, ജഡ്ജ് എന്നിവരുടെ കാലാവധി നീട്ടിയിട്ടുള്ളതു്.

വില്ലേജുകോടതി

* ൽ൯. (൫൦) സാഹിബ്ബ് ബഹദൂർ എ. കെ. കുഞ്ഞുമൊയിതീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ലോകമാന്യതിലകൻ വില്ലേജുകോട്ടിന്റെ അധികാരത്തിയിൽ എത്തെല്ലാം വില്ലേജുകൾ ഉൾപ്പെട്ടവ;

LIBRARY ARCHIVES Kerala Legislative Assembly